Indian Home Rule 100 YEARS
ഹിന്ദ് സ്വരാജ് ശതാബ്ദി സമിതി

**നിലവിലുണ്ടായിരുന്ന ലോക സാമൂഹിക വ്യവസ്ഥയെ നിരാകരിക്കുകയും സ്ഥിതി സമത്വത്തിനായി ആഗ്രഹിക്കുകയും ചെയ്ത ഹിന്ദ് സ്വരാജും കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയും വിജയരാഘവൻ ചേലിയ പുനർവായനയ്ക്കായി മുന്നോട്ട് വയ്ക്കുന്നു**

# മാർക്സിനേയും ഗാന്ധിയേയും ഒരുമിച്ചു വായിക്കുമ്പോൾ

**കാലംവെച്ചളന്നാൽ** കമ്യൂണിസ്റ്റ്മാനിഫെസ്റ്റൊ ഹിന്ദ് സ്വരാജിനേക്കാൾ പഴഞ്ചനാണ്. ആറുപതിറ്റാണ്ടിന്റെ പഴക്കം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ വേഗത പരിഗണിക്കുമ്പോൾ ആറുപതിറ്റാണ്ടുകൾക്ക് നൂറ്റാണ്ടുകളുടെ ദൈർഘ്യമുണ്ടാകണം. എന്നിട്ടും കമ്യൂണിസ്റ്റ്മാനിഫെസ്റ്റൊ കാലത്തിനനുയോജ്യവും ഹിന്ദ്സ്വരാജ് പിന്തിരിപ്പനുമായി വായിക്കപ്പെട്ടു. ഇത് കേവലം മാർക്സിസ്റ്റുകളുടെമാത്രം അഭിപ്രായമല്ല. ഗോഖലെ മുതൽ നെഹ്റുവരെ അങ്ങനെ കരുതി. എന്തുകൊണ്ടിങ്ങനെയെന്നറിയാനുള്ള കൗതുകമാണ് ഹിന്ദ് സ്വരാജിനോടൊപ്പം കമ്യൂണിസ്റ്റ് മാനിഫെസ്റ്റൊ വീണ്ടും വായിക്കാൻ പ്രേരിപ്പിച്ചത്. സ്വഭാവികമായും ഈ രണ്ടു രചനകളും അവയിൽ തന്നെ പൂർണ്ണമല്ലെന്നും മാർക്സിന്റേയും, ഗാന്ധിജിയുടെയും ചിന്തകളെ താരതമ്യം ചെയ്യാൻ പര്യാപ്തമല്ലെന്നും ബോധ്യപ്പെട്ടതിനാൽ അവരുടെ മറ്റു കൃതികളും, അവയുടെ വ്യാഖ്യാനങ്ങളും പരിശോധിക്കേണ്ടിയും വന്നു. രണ്ടു പേരും നിലവിലുണ്ടായിരുന്ന ലോക സാമൂഹിക വ്യവസ്ഥയെ നിരാകരിക്കുകയും സ്ഥിതി സമത്വത്തിനായി ആഗ്രഹിക്കുകയും ചെയ്തുവെന്നതിൽ തർക്കമില്ല. എന്നാൽ ഇന്ത്യയുടെ സാമൂഹിക സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ ചിത്രം മറ്റൊന്നാണ്.

**ഹിന്ദ് സ്വരാജും ആധുനിക നാഗരികതയും**

ഗാന്ധി ആധുനിക നാഗരികതയുടെ വിമർശകനായിരുന്നു. പാശ്ചാത്യ നാഗരികതയെക്കാൾ അൽപ്പം ഭേദം എന്തുതന്നെ കുറവുണ്ടായാലും ഇന്ത്യയുടെ നാഗരികതയാണെന്നും ഗാന്ധി വിശ്വസിച്ചു. അത് പ്രകൃതിയുടെ മേൽ ആധിപത്യം ചെലുത്തുന്നില്ലായെന്നതും അഹിംസാത്മകമായ ചിലത് അതിന്റെ അന്തർധാരയായി പ്രവർത്തിക്കുന്നുണ്ടെന്നതും മഹത്തരമായി അദ്ദേഹം കണ്ടു. ശാരീരിക സൗഖ്യത്തെ ജീവിതലക്ഷ്യമായി കാണുന്ന ആധുനിക നാഗരികതയെ മാരകമായ ദുർഭൂതമായാണ് ഗാന്ധിജി കാണുന്നത്. ഹിന്ദ് സ്വരാജിലൂടെ നാഗരികതയെ കുറിച്ചുള്ള തന്റെ ദർശനം ഗാന്ധി വെളിവാക്കുന്നു. ആധുനിക നാഗരികത പിൻപറ്റിയ രാഷ്ട്രങ്ങളെ, പ്രത്യേകിച്ച് ഇംഗ്ലണ്ടിനെക്കുറിച്ച് ഹിന്ദ് സ്വരാജ് വിലയിരുത്തുന്നു ഉപഭോഗ ഭ്രാന്ത് വർധിപ്പിക്കുന്ന ഈ ദുർഭൂതം ഇംഗ്ലണ്ടിന്റെ മർമ്മങ്ങളിലേക്ക് മാരകമായി കരണ്ടുകയറുന്നതായും അതിൽ നിന്ന് രക്ഷ നേടാൻ കഴിയാത്ത ഇംഗ്ലീഷുകാരോട് നമ്മൾ സഹതപിക്കണമെന്നുമാണ് ഗാന്ധി ആവശ്യപ്പെടുന്നത്.

ഗാന്ധിയുടെ അതികഠിനമായ ഈ വിമർശനം ടോൾസ്റ്റോയിക്ക് നന്നേ ബോധിച്ചെങ്കിലും ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച അദ്ദേഹത്തിന്റെ ഗുരുവും, ശിഷ്യനും അദ്ദേഹത്തെ തള്ളി പറയുകയാണുണ്ടായത്. വേണ്ടത്ര ആലോചിക്കാതെ രൂപപ്പെടുത്തിയ അതിലെ ആശയങ്ങൾ തീരെ പ്രാകൃതമായെന്ന 1 അഭിപ്രാ

യമാണ് രാഷ്ട്രീയ ഗുരുവായ ഗോഖലെ പ്രകടിപ്പിച്ചത്. ഗാന്ധിയുടെ സാങ്കൽപിക ഗ്രാമ സമൂഹത്തെക്കുറിച്ചുള്ള നെഹ്രുവിന്റ അഭിപ്രായമാകട്ടെ കുറേക്കൂടെ നിന്ദാപരമാണ്, ഗാന്ധിജിയെ മധ്യകാല ക്രൈസ്തവ വിശുദ്ധൻമാരുമായി താരതമ്യം ചെയ്യാറുണ്ട്. അദ്ദേഹം പറയുന്ന കാര്യങ്ങളധികവും അതിന് അനുയോജ്യവുമാണ്. ആധുനിക കാലത്തെ മനശ്ശാസ്ത്ര അനുഭവങ്ങളുമായോ രീതികളുമായോ അവയാതൊരു വിധത്തിലും പൊരുത്തപ്പെടുന്നില്ല. 2


ഈ ലേഖനമെഴുതുമ്പോൾ വായിക്കാനിടയായ ഏറ്റവും പുതിയ വാർത്ത ഉത്തർപ്രദേശിൽ ദളിതുകൾ മെക്കാളെ പ്രഭുവിനെ ആരാധിക്കുന്ന ക്ഷേത്രങ്ങൾ സ്ഥാപിച്ചു തുടങ്ങിയിരിക്കുന്നു എന്നതാണ്. ദളിത് ബുദ്ധിജീവികളുടെ കാർമ്മികത്വത്തിലാണ് ഇതു നടക്കുന്നത്. ഹിന്ദ് സ്വരാജ് ശതാബ്ദി വർഷത്തിലാണിത്. ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്ത്യയെ അടിമപ്പെടുത്തിയതായും മാതൃഭാഷയ്ക്കു പ്രാധാന്യമുള്ള സമ്പ്രദായം അനിവാര്യമാണെന്നും ഗാന്ധി പറഞ്ഞിരുന്നു. ആധുനിക നാഗരികത ജാതി വ്യവസ്ഥയെ ഇല്ലാതാക്കുമെന്ന വാദഗതിയാണ് ദളിത് ബുദ്ധിജീവികൾ ഉയർത്തുന്നത്. അംബേദ്കർ ഗാന്ധിയോട് വിയോജിക്കുകയും വിദ്യാഭ്യാസത്തിന്റെയും, വികസനത്തിന്റെയും കാര്യത്തിൽ നെഹ്റു പക്ഷപാതിയാകുകയും ചെയ്തതിന്റെ കാരണവും മറ്റൊന്നല്ല. അധികാരവും സമ്പത്തും ആയിരത്താണ്ടുകളായി കയ്യടക്കിവെച്ചതുകൊണ്ട് തന്നെ പരമാവധി കാര്യക്ഷമത കൈവരിക്കാൻ ഇന്ത്യയിലെ സവർണ്ണ വരേണ്യ വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ അനുകൂല ഘടകം നിലനിൽക്കെയാണ് ആധുനിക നാഗരികതയുടെ വക്താക്കൾ കേന്ദ്രീകൃതവും അതി സാങ്കേതികവുമായ ഉത്പാദന സമ്പ്രദായവുമായി എത്തുന്നത്. സ്വാഭാവികമായും ഇന്ത്യയിലെ വരേണ്യരെ ഇത് ആകർഷിക്കുകയുണ്ടായി. ആഗോളതലത്തിൽ തന്നെ ഇത്തരമൊരു ധ്രുവീകരണം സംഭവിച്ചുകൊണ്ടിരിക്കുന്നു. മുതലാളിത്തവും കമ്മ്യൂണിസവും ഒരേ പോലെ ഈ നാഗരികതയുടെ വക്താക്കളായപ്പോൾ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഒരു മൂന്നാം പക്ഷം രൂപപ്പെടാൻ തുടങ്ങി. യഥാർത്ഥത്തിൽ മൂന്നാം ചേരിയെന്നും മൂന്നാം ലോകമെന്നും ആദ്യമായി വിവക്ഷിക്കപ്പെട്ടത് ഈ സവിശേഷതയുള്ള ആഫ്രോ – ഏഷ്യൻ – ലാറ്റിൻ അമേരിക്കൻ രാഷ്ട്രങ്ങളെയാണ്. ഇവയിൽ ചിലത് ആധുനിക നാഗരികതയുടെ സന്തതികളായ അത്‌ലാന്റിക്ക് – സോവിയറ്റ് ചേരികളോടൊപ്പം ചേർന്ന് ഭാഗ്യം പരീക്ഷിക്കുകയോ അല്ലെങ്കിൽ സമ്മർദഫലമായി ഏതെങ്കിലും ഒരു ചേരിയുടെ ഭാഗമായി തീരുകയോ ഉണ്ടായി. ഒരു ഗോദയിൽ ഒരേ സമയത്ത് രണ്ടു ഫയൽവാൻമാർക്കേ അവസരമുള്ളു എന്നതു കൊണ്ട് ലോക ശാക്തിക ചേരികൾ തമ്മിലുള്ള ചക്കളാത്തിപോരാട്ടത്തിൽ കാണികളായി മൂന്നാം ലോകം മാറി നിൽക്കേണ്ടി വന്നു.

ഗാന്ധിജിയുടെ നാഗരികതാ സങ്കൽപ്പങ്ങളെ ഉൾക്കൊണ്ട് മൂന്നാം ചേരിയുടെ രാഷ്ട്രീയം ആദ്യമായി അവതരിപ്പിച്ചത് ഡോ. രാം മനോഹർ ലോഹ്യായിരുന്നു. എന്നാൽ ഗാന്ധിയുടെ ഔദ്യോഗിക പിൻതുടർച്ചാവകാശിയായ നെഹ്രുവാണ് പിൽകാലത്ത് മൂന്നാം ചേരിയുടെ വക്താവായി അറിയപ്പെട്ടത്. നെഹ്റുവിനാകട്ടെ ഗാന്ധിജിയുടെ ആധുനിക നാഗരികതയോടുള്ള വിമർശനത്തിൽ അതൃപ്തിയുണ്ടായിരുന്നു എന്നു മാത്രമല്ല അതിന്റെ ആരാധകൻ കൂടിയായിരുന്നു. ഇതു മൂലം മൂന്നാം ചേരിയെന്ന ആശയം ദുർബലവും യുക്തിരഹിതവും ആയിത്തീർന്നു.

വികേന്ദ്രീകൃതമായ അധികാരഘടനയും ഉത്പാദന സമ്പ്രദായവും ആയിരുന്നു ഗാന്ധിയുടെ ഭാവനയിലുള്ള നാഗരികതയുടെ മുഖമുദ്ര. അതു ചൂഷണരഹിതമായ പുതിയ ലോക ക്രമത്തെ സ്വപ്നം കണ്ടു, ലോകം ഇന്ന് രണ്ടു സമ്പ്രദായങ്ങളുടെ പിടിയിലാണ്. മുതലാളിത്തവും കമ്മ്യൂണിസവും. അവ രണ്ടും ഏറെക്കുറേ പൂർണ്ണമായി വിശദീകരിച്ചിട്ടുണ്ട്. മുഴുവൻ ലോകവും അവ രണ്ടിന്റെയും പിടിയിലാണ്. അതിന്റെ അനന്തരഫലമാകട്ടെ ദാരിദ്ര്യവും യുദ്ധവും. മൂന്നാമതൊരു ആശയം രൂപമെടുത്ത് വരുന്നതേയുള്ളൂ. ലോക വേദിയിൽ അത് കുറേയൊക്കെ അറിയപ്പെടുന്നു. എന്നാൽ ഇപ്പോഴും അത് അപര്യാപ്തമാണ്. അത് ഇനിയും പൂർണ്ണമായി വിശദീകരിക്കപ്പെട്ടിട്ടില്ല. അത് ഇപ്പോഴും ഒരു തുറന്ന പുസ്തകമാണ്. ഒരു തുറന്ന സമ്പ്രദായത്തിൽ സത്യത്തിനും പുരോഗതിക്കും സ്ഥാനമുണ്ട്. അടയ്ക്കപ്പെട്ട സമ്പ്രദായം സത്യത്തോട് അനീതിയും അക്രമവും ചെയ്യുന്നു. മുതലാളിത്തവും കമ്മ്യൂണിസവും അടയ്ക്കപ്പെട്ട സമ്പ്രദായങ്ങളായതുകൊണ്ട് ഗാന്ധിജിക്ക് അവയെ സ്വാധീനിക്കാൻ കഴിയുമോ എന്നത് സംശയമാണ്. ഒരു തുറന്ന സിദ്ധാന്തമായ സോഷ്യലിസത്തിന് ഗാന്ധിജിയുടെ പ്രവർത്തികൾ ഒരു അരിപ്പയായി ഉപകരിക്കാം. ആ അരിപ്പയിലൂടെ സോഷ്യലിസ്റ്റ് ആശയങ്ങൾ ഒഴുക്കി അവയിലെ അഴുക്കും മാലിന്യവും അരിച്ചുമാറ്റാം 3

ലോഹ്യയുടേത് സോഷ്യലിസ്റ്റുകളിലെ വേറിട്ട ശബ്ദമാണ്. വ്യവസ്ഥാപിത ഇടതുപക്ഷ ചിന്തകരൊക്കെ മാർക്സിനോട് കടപ്പെട്ടവരായിരുന്നപ്പോൾ ലോഹ്യമാത്രം വഴിതെറ്റി നടന്നു. മാക്സ് യൂറോപ്പ്യൻ നാഗരികതയുടെ വക്താവാണെന്ന് അർത്ഥശങ്കക്ക് ഇടനൽകാതെ ആക്ഷേപിച്ചു. മാർക്സിനെ ഒരു കേവല മനുഷ്യസ്നേഹിയായി അംഗീകരിക്കെ തന്നെ അദ്ദേഹത്തിന്റെ പരിമിതികളെ അനാവരണം ചെയ്തുകൊണ്ട് ഇങ്ങനെ എഴുതി, നിലവിലുള്ള നാഗരികതയുടെ നേതാക്കൾ പിന്നീട് വരുന്ന നാഗരികതയുടെ മുന്നോടികളാകാൻ വിധിക്കപ്പെട്ടിട്ടില്ല. കാരണം, ഏതൊരു നാഗരികതയിലും ചില ഉത്പാദന സമ്പ്രദായങ്ങൾ, ചില ചിന്താരീതികൾ, ഏതാനും വ്യക്തമായ പ്രക്രിയകൾ എന്നിവ രൂഢമൂലമാണ്. ഇത്തരത്തിലുള്ള ഉത്പാദന പ്രക്രിയയും ചിന്തകളും വികസിച്ചുവരുന്ന അവസ്ഥയെ നേരിടുവാൻ കഴിവുള്ളതല്ല എന്ന് മനുഷ്യൻ എത്ര മാത്രം കണ്ടെത്തിയാലും അവയെമാറ്റാൻ അവൻ അശക്തനാണ്. കാരണം അവ അത്രയും രൂഢമൂലമാണ്. അവന്റെ കെട്ടിപടുക്കലുകളെല്ലാം അവയ്ക്ക് ചുറ്റുമാണ് അഥവാ അവയ്ക്കുമേലാണ് 4 മാർക്സിനെ ആഴത്തിൽ പരിശോധിച്ചു കൊണ്ടാണ് ലോഹ്യ തന്റെ രാഷ്ട്രീയാന്വേഷണങ്ങൾ ആരംഭിക്കുന്നത്. ഇന്ത്യയുടെ സാഹചര്യങ്ങളെ മുൻനിർത്തിയുള്ള ഈ പഠനങ്ങൾ നമ്മുടെ ഇടതുപക്ഷ ചിന്തകർക്കും വായനക്കാർക്കും ഇന്നും വേണ്ടത്ര പരിചിതമല്ല. ഈയൊരുകുറവ് ഗാന്ധിജിയെ ശരിയായി മനസ്സിലാക്കുന്നതിൽ പരാജയപ്പെടാൻ കാരണമായിട്ടുണ്ട്. യഥാർഥത്തിൽ ഗാന്ധിയെന്ന വിപ്ലവകാരിയെ പഠനത്തിലൂടെ തിരിച്ചറിഞ്ഞ ഏക ഇടതു പക്ഷ ചിന്തകൻ ലോഹ്യയായിരുന്നുവെന്ന് പറയാം. ജയപ്രകാശ് നാരാണൻ പോലും മാർക്സിസത്തിന്റെയും ആധുനിക നാഗരികതയുടെയും പരിമിതികളെ പിൽക്കാലത്തെ കയ്പു നിറഞ്ഞ

**താൻ യന്ത്രങ്ങൾക്കെതിരല്ലന്നു ഗാന്ധി പറഞ്ഞിട്ടുണ്ട്. ഗാന്ധിയോളം തീവണ്ടിയാത്ര ചെയ്ത നേതാക്കൾ കുറവാണ്. ഇംഗ്ലീഷിലാണ് ഏറെയും എഴുതുകയും സംസാരിക്കുകയും ചെയ്തിട്ടുള്ളത്. ഏതെങ്കിലും ഒരു മതം മാത്രമാണ് ശരിയെന്ന് ഗാന്ധി ഒരിക്കലും പറഞ്ഞിട്ടില്ല. ഒരു മുസ്ലിം പശുവിനെ കൊന്നു തിന്നാൽ അയാളെ ദ്രോഹിക്കുകയോ വെറുക്കുകയോ പാടില്ലെന്നാണ് പറഞ്ഞത്.**



അനുഭവങ്ങളിലൂടെ മാത്രം തിരിച്ചറിയുകയായിരുന്നു.

കമ്യൂണിസ്റ്റ് ചിന്തകർക്ക് ഇന്നും ഗാന്ധി മനുഷ്യസ്നേഹിയായ ഒരു ബൂർഷ്വാസി മാത്രമാണ്. മൗലികമായ എന്തെങ്കിലും സംഭാവന ചെയ്ത ഏക ഇന്ത്യൻ മാർക്സിസ്റ്റ് ചിന്തകനായ എം.എൻ റോയിയുടെ ഗാന്ധിവായന എത്തിച്ചേർന്ന നിഗമനം ശ്രദ്ധിക്കുക, ഗാന്ധിസം കാതലിൽ തന്നെ രോഗബാധിതമാണ്. രോഗബാധിതമായ മനോഭാവത്തിന്റെ ഉത്പന്നമാണിത് . കുറ്റബോധത്തിന്റെയും, ഭയത്തിന്റെയും ആത്മ വിദ്വേഷത്തിന്റെയും സന്തതി 5.

ഗാന്ധിജിയെക്കുറിച്ച് ഇത്തരമൊരു നിഗമനത്തിലെത്തിച്ചേർന്നതിനു കാരണങ്ങൾ എംഎൻ റോയി വിശദീകരിച്ചിട്ടുണ്ട്. (1) വ്യവസായവത്കരണത്തോടുള്ള ശത്രുത (2) മാതൃഭാഷയോടുള്ള പക്ഷപാതിത്വം (3) എല്ലാവരും നൂൽ നൂൽക്കണമെന്ന ശാഠ്യം (4) കടുത്ത സന്മാർഗ്ഗ ചിന്ത (5) ആധുനിക സാങ്കേതിക വിദ്യയോടുള്ള അവഗണന. ആഗോളതാപനത്തിന്റെയും നിയോകോളനൈസേഷൻന്റെയും, പാരിസ്ഥിതിക ദുരന്തങ്ങളുടെയും, സാംസ്കാരികാധിനിവേശത്തിന്റയും പശ്ചാത്തലത്തിൽ മേൽ സൂചിപ്പിച്ച വിമർശനങ്ങൾ ഗാന്ധിചിന്തയുടെ മികവായാണ് ഇന്ന് ലോകം വായിക്കുന്നത്. പിൽക്കാലത്ത് മാർക്സിന്റെ പരിമിതികൾ തിരിച്ചറിഞ്ഞ് കമ്യൂണിസത്തിൽ നിന്നും മുന്നോട്ടുപോകുകയും റാഡിക്കൽ ഹ്യൂമാനിസമെന്ന സിദ്ധാന്തം ഉയർത്തിപ്പിടിക്കുകയും ചെയ്തപ്പോഴും ഗാന്ധിയെക്കുറിച്ചുള്ള തന്റെ അഭിപ്രായങ്ങൾ അദ്ദേഹം തിരുത്തിയിരുന്നില്ല.

**മാർക്സും ആധുനിക നാഗരികതയും**

ഹിന്ദ്സ്വരാജിൽ ഗാന്ധി മുഖ്യമായും പരാമർശിക്കുന്നത് ആധുനിക നാഗരികതയുടെ ചിഹ്നങ്ങളെയാണ്. യന്ത്രങ്ങൾ, റെയിൽവെ, ഡോക്ടർമാർ, വക്കീലന്മാർ, ഇംഗ്ലീഷ്ഭാഷ, മതങ്ങൾ, പശു ഇതെക്കുറിച്ചൊക്കെയുള്ള ഗാന്ധിയുടെ അഭിപ്രായങ്ങൾ ആധുനികരുടെ വിമർശനങ്ങൾക്കിടയാക്കി. ഗാന്ധിയുടെ വിശദീകരണത്തിന് കാതോർക്കാതെയാണ് വിമർശനങ്ങളേറെയും. താൻ യന്ത്രങ്ങൾക്കെതിരല്ലന്നു ഗാന്ധി പറഞ്ഞിട്ടുണ്ട്. ഗാന്ധിയോളം തീവണ്ടിയാത്ര ചെയ്ത നേതാക്കൾ കുറവാണ്. ഇംഗ്ലീഷിലാണ് ഏറെയും എഴുതുകയും സംസാരിക്കുകയും ചെയ്തിട്ടുള്ളത്. ഏതെങ്കിലും ഒരു മതം മാത്രമാണ് ശരിയെന്ന് ഗാന്ധി ഒരിക്കലും പറഞ്ഞിട്ടില്ല. ഒരു മുസ്ലിം പശുവിനെ കൊന്നു തിന്നാൽ അയാളെ ദ്രോഹിക്കുകയോ വെറുക്കുകയോ പാടില്ലെന്നാണ് പറഞ്ഞത്. ഹിന്ദ് സ്വരാജും, ഗാന്ധിയുടെ തന്നെ പിൽകാലരചനകളും ഇവ വിശദീകരിച്ചിട്ടുണ്ട്. വിസ്താരഭയത്താൽ വിശദാംശങ്ങൾ വിട്ടുകളയുന്നു. എന്നാൽ വിചിത്രമായിതോന്നിയ ഒരു കാര്യം ഹിന്ദ് സ്വരാജ് മാർക്സിനെ പ്രത്യക്ഷത്തിൽ പരാമർശിക്കുന്നേയില്ല എന്നതാണ്. 1848ൽ രചിക്കപ്പെട്ട കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ അതുവരെയുണ്ടായിട്ടുള്ള സാമൂഹ്യ മുന്നേറ്റങ്ങളെ വിമർശനപരമായി പരാമർശിക്കുന്നുണ്ട്. 1909ൽ രചിക്കപ്പെട്ട ഹിന്ദ് സ്വരാജാവട്ടെ ഒട്ടേറെ ചിന്തകരെ പരാമർശിക്കുന്നുണ്ടെങ്കിലും കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തെ നേരിൽ പരാമർശിച്ചിട്ടില്ല. തീവണ്ടിയെക്കുറിച്ചും, യന്ത്രങ്ങളെക്കുറിച്ചും മാർക്സ് എഴുതിയതും ഹിന്ദ് സ്വരാജിലെ പരാമർശങ്ങളും കൂട്ടി വായിക്കുമ്പോൾ ഗാന്ധി മാർക്സിന്റെ അഭിപ്രായങ്ങളോടു പ്രതികരിക്കുന്നതായി കാണുകയും ചെയ്യുന്നു.

1852 ൽ ഇന്ത്യയെക്കുറിച്ച് മാർക്സ് ഇങ്ങനെയെഴുതി തീവണ്ടിയുടേയും ആവിക്കപ്പലിന്റെയും സംയോഗത്തിലൂടെ സമയം വെച്ചു നോക്കിയാൽ ഇംഗ്ലണ്ടും ഇന്ത്യയും തമ്മിലുള്ള ദൂരം 8 ദിവസമായി ചുരുങ്ങുകയും ഒരു കാലത്ത് ഒരു സങ്കൽപ്പ ലോകമായിരുന്ന ഈ രാജ്യം അങ്ങനെ പാശ്ചാത്യലോകത്തോട് കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യുന്ന ആ ദിനം അത്ര വിദൂരമല്ല .6

ഹിന്ദ് സ്വരാജിലാവട്ടെ ഗാന്ധി തീവണ്ടിയെക്കുറിച്ച് ഇങ്ങനെ പരാമർശിക്കുന്നു. റെയിലും വണ്ടിയും കൂടാതെ ഇംഗ്ലീഷുകാർക്ക് ഇന്നത്തെ നിലയിൽ ഇന്ത്യയെ പിടിയിലൊതുക്കാനാകുമായിരുന്നില്ല, നിങ്ങൾക്കും ഇതു ബോധ്യപ്പെട്ടിരിക്കണം. റെയിൽവെ വഴി

ബ്യൂബോണിക്ക്പ്ലേഗ് രോഗം പരന്നിട്ടുണ്ട്. ജനങ്ങൾക്ക് ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് കൂട്ടനീക്കം സാധ്യമാക്കുന്നത് തീവണ്ടിയാണ്. പ്ലേഗിന്റെ അണുവാഹകരാണീ വണ്ടികൾ. മുമ്പൊക്കെ സുരക്ഷിതമായ അകന്നു നിൽപ്പ് നമുക്ക് സാദ്ധ്യമായിരുന്നു 7 (ആദ്യവാക്യവും രണ്ടാം ഭാഗവും തമ്മിലുള്ള ചേരായ്മ ബോധപൂർവ്വമാകണം. പ്ലേഗ് ഒരു പ്രതീകവും.)

മാർക്സ് തുടരുന്നു, ഉല്പന്നങ്ങൾ ഒരിടത്തു നിന്ന് മറ്റൊരിടത്തേക്കു കൊണ്ടുപോകാനും വിനിമയം നടത്താനുമുള്ള സൗകര്യങ്ങൾ തീരെയില്ലാത്തതു കൊണ്ടാണ് ഇന്ത്യയിലെ ഉത്പാദനശക്തികൾ തളർവാതം പിടിപെട്ടു കിടക്കുന്നതെന്ന സംഗതി കുപ്രസിദ്ധമാണ്. വിനിമയത്തിനുള്ള സാദ്ധ്യതക്കുറവ് കാരണം പ്രകൃത്യായുള്ള സമൃദ്ധിയുടെ നടുവിൽ ഒരു രാജ്യം ഇത്രയേറെ സാമൂഹിക ദുരിതം അനുഭവിക്കുന്ന സ്ഥിതി ഇന്ത്യയെപോലെ മറ്റൊരിടത്തും കാണാൻ കഴിയില്ല. 8 സൈനിക സ്ഥാപനങ്ങളുടെ ചെലവ് ചുരുക്കാനും, നികുതിയും, തൊഴിൽസാധ്യതയും, ജലസേചനവും വർധിപ്പിക്കാനും റെയിൽവെ ഉപകരിക്കുമെന്ന് തുടർന്ന് മാർക്സ് സമർത്ഥിക്കുന്നുണ്ട്.

ഗാന്ധിയാവട്ടെ വേഗത തിന്മയാണെന്ന മറുവാദമാണ് ഉന്നയിക്കുന്നത്. ഒച്ചിന്റെ ഗതി യാണ് നന്മയ്ക്കുള്ളത്. പോക്കുമെല്ലെ, അതുകൊണ്ട് നന്മയുടെ വ്യപനത്തിനു തിൻമയുമായി ബന്ധമില്ല. തിന്മയുടെ വിതരണക്കാരനാകാനേ തീവണ്ടിക്ക് പറ്റൂ. തീവണ്ടി ക്ഷാമം പരത്തുന്നു എന്നത് തർക്കവിഷയമാകാം. എന്നാലത് തിന്മ പരത്തുന്നു എന്നതിൽ തർക്കമില്ല 9.

മനുഷ്യന്റെ കൈകാലുകൾക്കുൽപാദിപ്പിക്കാൻ കഴിയുന്ന വേഗമാണ് പ്രകൃതിനിയമമനുസരിച്ച് അവനുഹിതമായ വേഗപരിധി എന്നും റെയിൽവേ വഴിയോ മറ്റുതരത്തിലൊ ഉൽപാദിപ്പിക്കുന്ന അതിദ്രുത ഗതിയാണ് ആധുനിക വിഭ്രാന്തിയിൽ മിക്കതിനുമുറവിടമെന്നും ഗാന്ധിതുടർന്നു പറയുന്നു. ആഗോളവത്ക്കരണത്തിന്റെയും, നവ കോളനിവത്ക്കരണത്തിന്റെയും കാലത്ത് വേഗതയെക്കുറിച്ച് കൂടുതൽ പഠനങ്ങൾ ആവശ്യമുണ്ട്. നാഗരികതയെക്കുറിച്ചും ഈ തർക്കം തുടരുന്നതായി കാണാം. ഇംഗ്ലണ്ടിന്റെ ഇന്ത്യയിലെ അധിനിവേശം അനിവാര്യവും നന്മപ്രധാനം ചെയ്യുന്നതുമാണെന്നാണ് മാർക്സിന്റെ അഭിപ്രായം. മാർക്സ് അതേക്കുറിച്ച് എഴുതിയത് ശ്രദ്ധിക്കുക, ഇംഗ്ലണ്ടിന് ഇന്ത്യയിൽ ഒരു ഇരട്ട ദൗത്യമാണ് നിറവേറ്റാനുള്ളത്. ഇതിലൊന്ന് സംഹാരാത്മകവും മറ്റേത് സൃഷ്ടിപരവുമാണ്. ഏഷ്യാറ്റിക് സമൂഹത്തെ കടപുഴക്കിയെറിയുക എന്നതാണ് ആദ്യത്തേത്, ഏഷ്യയിൽ പാശ്ചാത്യസമൂഹത്തിന്റെ ഭൗതികമായ അടിത്തറ പാവുകയെന്നതാണ് രണ്ടാമത്തേത്.

ഒന്നിനു പുറകെ ഒന്നായി വന്ന് ഇന്ത്യയെ ചവിട്ടിയരച്ച അറബികളും, തുർക്കികളും താർത്താറുകളും, മുഗളന്മാരും എല്ലാം ഭാരതവത്കരിക്കപ്പെട്ടുപോയി. ഒരു ശാശ്വതചരിത്ര നിയമത്താലെന്നപോലെ കാടൻമാരായ ആ വെട്ടിപ്പിടിത്തക്കാർ അവരുടെ പ്രജകളുടെ മേത്തരം നാഗരികതയ്ക്കു കീഴടങ്ങി. ഭാരതീയ നാഗരികതയേക്കാൾ ഉയർന്നതും അതുകൊണ്ടുതന്നെ അതിന് അപ്രാപ്യവുമായ ഒരു നാഗരികതയുമായി വരുന്ന ആദ്യത്തെ വെട്ടിപ്പിടിത്തക്കാർ ബ്രിട്ടീഷുകാരായിരുന്നു. നാടൻ സമുദായങ്ങളെ തകർക്കുകയും നാടൻ വ്യവസായത്തെ വേരോടെ പിഴുതെറിയുകയും നാടൻ സമൂഹത്തിൽ മഹത്തരവും മഹോന്നതവുമായുണ്ടായിരുന്ന സർവതിനേയും നിലംപരിശാക്കുകയും ചെയ്തുകൊണ്ട് അവർ ഈ നാഗരികതയെ ഇല്ലായ്മ ചെയ്തു. അവരുടെ ഇന്ത്യയിലെ ഭരണത്തെക്കുറിച്ചുള്ള ചരിത്ര ഏടുകളിൽ ഈ സംഹാരക്രിയക്കപ്പുറത്തേക്ക് ഒന്നും കാണാൻ കഴിയില്ല. അവരുടെ സൃഷ്ടി പരപ്രവൃത്തി ഈ നാശാവിഷ്ടങ്ങളിലൂടെ കാണാൻ വിഷമമാണ്. എങ്കിലും അത് ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടെന്ന് പറയാതെ തരമില്ല. 10

ഇതേക്കുറിച്ചുള്ള ഗാന്ധിജിയുടെ ഭിന്നാഭിപ്രായങ്ങൾ ഉദ്ധരിക്കേണ്ടതുണ്ടെന്നു തോന്നുനില്ല. അതു സുവിദിതമാണ്. എന്റെ എളിയ അഭിപ്രായം ഹിന്ദ് സ്വരാജ് മാർക്സിന്റെ മേൽ പറഞ്ഞ നിരീക്ഷണങ്ങൾക്കുള്ള മറുപടിയാണെന്നാണ്. ബ്രിട്ടീഷ് അധിനിവേശത്തിലായ ഇന്ത്യ യുടെ ദുരവസ്ഥയെക്കുറിച്ച് ഗാന്ധി എഴുതി, ഇന്ത്യ ഇന്നൊരു ദുരവസ്ഥയിലാണ്. അതിനെക്കുറിച്ചോർക്കുമ്പോൾ കണ്ണുനിറയുന്നു - തൊണ്ട വരളുന്നു. ഇക്കാര്യത്തിൽ ഉള്ളിലുള്ളതു മുഴുവൻ പറയാൻ എനിക്കാകുമോ എന്നു സംശയം. ഇന്ത്യയമർന്നത് ബ്രിട്ടന്റെ കാൽക്കീഴിലല്ല, ആധുനിക പരിഷ്കാരത്തിന്റെ കീഴിലാണെന്ന് ഞാൻ തറപ്പിച്ചു പറയും. ആ ദുർഭൂതത്തിന്റെ ഭാരത്തിൻ കീഴിൽ ഇന്ത്യ അമർന്നു ഞെരുങ്ങുകയാണ്. രക്ഷപ്പെടാൻ പഴുതിനിയുമുണ്ടെങ്കിലും അതു നാൾക്കുനാൾ കുറഞ്ഞു വരുന്നു 11

മാർക്സിനേയും ഗാന്ധിയേയും താരതമ്യം ചെയ്യുമ്പോൾ ഒരുപാട് സഞ്ചരിക്കേണ്ടതുണ്ട് . ഒരേ സൂചകങ്ങൾ ഉപയോഗിച്ച് ഇരുവരേയും അളക്കാൻ ബുദ്ധിമുട്ടാണ്. ആധുനിക നാഗരികത നൽകിയ മൂല്യനിർണ്ണയ സൂചകങ്ങളുമായാണ് നാം ഈ സഹസത്തിനു മുതിരുന്നതെങ്കിൽ മാർക്സ് വഴങ്ങുമെങ്കിലും ഗാന്ധി വഴങ്ങില്ല. ആധുനിക നാഗരികതയ്ക്കു ചൂഷണരഹിതമായൊരു ലോക ക്രമം സൃഷ്ടിക്കുക സാധ്യമല്ലെന്നു തെളിഞ്ഞിരിക്കുന്നു. അതിനാൽ മുതലാളിത്തവും കമ്യൂണിസവും ഒരു പോലെ അസംഗതമാണ്. ആധുനിക മനുഷ്യൻ നേരിടുന്ന പ്രതിസന്ധികളും പുതിയതാണ്. ഭൂമിയുടെ നിലനിൽപ്പുപോലും ആധുനികനാഗരികത അപകടത്തിലാക്കിയിരിക്കുമ്പോൾ പുതിയ വഴികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. തീർച്ചയായും ആ വഴിയിൽ ഒരു ചർക്കയുമായി ഗാന്ധിമുന്നേ നടക്കുന്നു. പരിസ്ഥിതിയെ ദ്രോഹിക്കാത്ത, ഒരുവനു സ്വയം ചുമക്കാവുന്ന ഒരു ചെറുയന്ത്രം. അത് മറ്റൊരുവന്റെ തൊഴിൽ അപഹരിക്കില്ല. തനിക്കവകാശപ്പെടാത്തത് കയ്യടക്കില്ല. ഇതൊരു സ്വപ്നമാണ്. യാഥാർത്ഥ്യങ്ങളെ സാക്ഷാത്കരിക്കുകയല്ലല്ലോ വിപ്ലവം. സ്വപ്നങ്ങൾ നേടുകയല്ലേ? ഇവിടെ ഒരു അടി മുന്നിൽ ഗാന്ധിയെ കാണുന്നു. ഗാന്ധിയെ കടന്നുപോവുകയാണ് നമ്മുടെ ദൗത്യം, ഹിന്ദ്സ്വരാജിന്റെ പുനർവായന അതാണാവശ്യപ്പെടുന്നത്.

***കൊയിലാണ്ടി, കോഴിക്കോട്***

**അനുബന്ധം**


1. Hind swaraj - Preface
2. Auto Biography of Nehru
3. Dr. Ram Manohar Lohia, Marx, Gandhi & Socialisam
4. Dr. Lohia, Wheel of History
5. M N Roy, Beyond Communism.
6. Marx & Angels, Select works Vol -3
7. Hind Swaraj
8. Marx & Angels, Select works Vol -3
9. Hind swaraj
10. Marx & Angels, Select works Vol -3
11. Hind swaraj